**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 811** **06-10-2021 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ വിദ്യാർത്ഥികൾക്ക് വ്യക്തിഗത പഠനമുറി ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | പട്ടിക ജാതി വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ മുഖേന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വ്യക്തിഗത പഠനമുറി ധനസഹായം അനുവദിക്കുമ്പോൾ കൂടുതൽ ദുർബല വിഭാഗമായ പട്ടിക വർഗ വിദ്യാർത്ഥികൾക്ക് പട്ടിക വർഗ വകുപ്പ് മുഖേന പ്രസ്തുത ധനസഹായം അനുവദിക്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിശോധിച്ച് വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (എ) | പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കൂൾ സമയത്തിനുശേഷം പഠനത്തിനായി സഹായം നൽകുന്നതിന് കോളനി കളിലെ അവരുടെ വീടുകളിൽ സൗകര്യം ഇല്ലാത്ത സാഹചര്യത്തിലാണ് സാമൂഹ്യ പഠനമുറികൾ ആരംഭിച്ചത്. സാമൂഹ്യ പഠനമുറികളിൽ പഠനത്തിനായി എത്തുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളെ പഠനത്തിൽ സഹായിക്കുന്നതിന് ദൃശ്യ ശ്രവ്യ മാധ്യമ ങ്ങളുടെ സഹായവും അധ്യാപന പരിശീലവും ലഭിച്ച ഒരു ഫെസിലിറ്റേറ്റ റുടെ സേവനവും ലഭിക്കുന്നതാണ്. വീടുകളിൽ പഠനമുറി നൽകുന്നതിലൂടെ ഈ സൗകര്യങ്ങൾ ലഭ്യമാകുന്നില്ല. |
| (ബി) | പട്ടിക വർഗ വിദ്യാർത്ഥികൾക്കും പ്രസ്തുത ധനസഹായം നൽകുന്നതിനായി നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ? | (ബി) | ഈ വിഷയം പരിശോധിക്കുന്നതാണ് . |

സെക്ഷൻ ഓഫീസർ